എ.പി.എൽ., ബി.പി.എൽ. കാർഡുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

34 [1166] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പുതുക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് എ.പി.എൽ./ബി.പി.എൽ. കാർഡുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ദരിദ്ര കുടുംബങ്ങൾക്കുപോലും ബി.പി.എൽ. കാർഡുകൾ നൽകാത്തതും അതുമൂലം അവർക്ക് അർഹമായ പല ആനുകൂല്യങ്ങളും നഷ്ടപ്പെട്ടിട്ടുള്ളതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തിരുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) 1996 ജനുവരിയിൽ റേഷൻ കാർഡുകൾ പുതുക്കി നൽകിയപ്പോൾ നിലവിലുണ്ടായിരുന്ന ദാരിദ്ര്യരേഖാ സെൻസസ് ലിസ്റ്റ് അനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ ബി.പി.എൽ. വിഭാഗത്തിലും മുകളിലുള്ളവരെ എ.പി.എൽ. വിഭാഗത്തിലും ഉൾപ്പെടുത്തി. പിന്നീട് 2002-ൽ റേഷൻ കാർഡുകൾ പുതുക്കിയപ്പോൾ അന്നുണ്ടായിരുന്ന ബി.പി.എൽ. കാർഡുകാർക്ക് ബി.പി.എൽ. കാർഡും എ.പി.എൽ. കാർഡുകാർക്ക് എ.പി.എൽ. കാർഡും നൽകി. എന്നാൽ സംസ്ഥാന സർക്കാർ കണ്ടെത്തിയ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം കേന്ദ്ര സർക്കാർ തിട്ടപ്പെടുത്തിയ ബി.പി.എൽ. കുടുംബങ്ങളെക്കാൾ കൂടുതലായിരുന്നതിനാലും കേന്ദ്ര സർക്കാർ അനുവദിക്കുന്നതരി അവരുടെ കണക്കിനനുസൃതമായി ക്ലിപ്തപ്പെടുത്തിയതിനാലും 2002-ൽ കാർഡുകൾ പുതുക്കിയശേഷം അനുവദിക്കുന്ന എല്ലാ കാർഡുകളും എ.പി.എൽ. വിഭാഗത്തിൽപ്പെടുത്തിയാണ് നൽകുന്നത്. നിലവിലുള്ള ഒരു ബി.പി.എൽ. കാർഡ് വിഭജിച്ചു നൽകുന്ന പുതിയ കാർഡായാലും എ.പി.എൽ.-ൽ ഉൾപ്പെടുത്തിവരുന്നു.

(ഡി) ബി.പി.എൽ. കാർഡ് വിഭജിച്ചു നൽകുമ്പോൾ ബി.പി.എൽ. കാർഡായി തന്നെ നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇവർ നിലവിലുള്ള ബി.പി.എൽ. കാർഡിൽ ഉൾപ്പെട്ടിരുന്നവരാണെങ്കിൽ അവർക്ക് ബി.പി.എൽ. കാർഡുകൾ തന്നെ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം പുതിയ ദാരിദ്ര്യരേഖാ സെൻസസ് പൂർത്തിയാകുന്ന മുറയ്ക്ക് അതനുസരിച്ച് അവർ ഏത് വിഭാഗത്തിലാണോ വരുന്നത് അതിൽപ്പെടുത്തി റേഷൻ കാർഡുകൾ നൽകാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly